## പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1269

02.03.2017-ന് മറുപടിയ്ക്ക്

# പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞപ്രവർത്തനങ്ങൾ

**ചോദ്യം**
ശ്രീ.ടി.എ.അഹമ്മദ് കബീർ

**മറുപടി**
പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സർക്കാർ നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(എ) സർക്കാർ നടപ്പിലാക്കുന്ന 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന കർമ്മ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്.

1) ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.

2) ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.

3) എൽ.പി., യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.

4) 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകും. ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകും. അടുത്ത 2 വർഷം കൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ

പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും 5 സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

(ബി) പ്രസ്തുത യജ്ഞത്തിന്റെ ഭാഗമായി സ്കൂൾ ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉണ്ട്.
പദ്ധതിയുടെ ഭാഗമായി സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസുകൾ ഹൈടെക്കാക്കുന്ന പദ്ധതിയുടെ പൈലറ്റ് പ്രവർത്തനങ്ങൾ 4 മണ്ഡലങ്ങളിൽ നടന്നു വരികയാണ്. സ്കൂളുകൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കുക, അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം, ഐസിടി അധിഷ്ഠിത പഠനപ്രവർത്തനങ്ങൾ, ഐസിടി അധിഷ്ഠിത ഉള്ളടക്കം, പ്രത്യേക ഐസിടി പാഠപുസ്തകങ്ങൾ, ഐടി പരീക്ഷ എന്നീ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ സർക്കാർ പണം നൽകുന്ന ആയിരം സ്കൂളുകളുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇതിനായി മങ്കട നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട സർക്കാർ സ്കൂളിനെ തിരഞ്ഞെടുക്കാമോ; വ്യക്തമാക്കുമോ?

(സി) & (ഡി) പദ്ധതിയുടെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തേണ്ട ആയിരം സ്കൂളുകളുടെ തെരഞ്ഞെടുപ്പ് അന്തിമ ഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ